മറ്റ് വകുപ്പുകളും അവിടെ പ്രവർത്തിക്കുന്നുവെന്ന പരാതി കിട്ടിയിട്ടുണ്ട്. അത് മാറ്റാനും ഇന്ന് നിലവിലുള്ള വ്യവസ്ഥയ്ക്ക് വിധേയമായി പ്രവർത്തിക്കാനും ആവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(5) ദേവികുളം നിയോജകമണ്ഡലത്തിൽ കോളേജ് വേണമെന്ന ആവശ്യം

ശ്രീ. ജി. വരദൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ തമിഴ് സംസാരിക്കുന്ന എതാണ്ട് എൺപത് ശതമാനം ആളുകൾ ഉണ്ട്. അവിടെയുള്ള കുട്ടികൾ പത്താം ക്ലാസ് കഴിഞ്ഞാൽ അന്യ സംസ്ഥാനങ്ങളിൽപോയി വേണം ഉയർന്ന വിദ്യാഭ്യാസം നടത്താൻ. അതുകൊണ്ട് മൂന്നാറിൽ ഒരു കോളേജ് സ്ഥാപിക്കാൻവേണ്ടി നാട്ടുകാരെല്ലാവരുംകൂടി പതിനഞ്ച് ഏക്കർ സ്ഥലവും അഞ്ച് ലക്ഷം രൂപയും സൗജന്യമായി കൊടുക്കാൻ തീരുമാനിച്ചിട്ട് രണ്ടുമൂന്ന് കൊല്ലമായി, മൂന്നാറിൽ ഒരു കോളേജ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. അടിമാലിയിൽ ഒരു കോളേജ് വേണം. അതു സംബന്ധിച്ച് ഗവൺമെന്റിന് തർക്കമുണ്ട്. ഇത് ന്യൂനപക്ഷത്തിന്റെ അവകാശമാണ്. അതുകൊണ്ട് അടിയന്തിരമായി ഈ കൊല്ലംതന്നെ ഒരു കോളേജ് അനുവദിക്കണമെന്ന് മുഖ്യമന്ത്രിയോടും വിദ്യാഭ്യാസമന്ത്രിയോടും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്ബ്) : ഇടുക്കി ജില്ലയിൽ ഇപ്പോൾ ഒരു ഗവൺമെന്റ് കോളേജ് അടക്കം അഞ്ച് കോളേജുകളുണ്ട്. ഈ വർഷം ഗാന്ധിജി യൂണിവേഴ്സിറ്റി രണ്ട് ഗവൺമെന്റ് കോളേജിനും ആറ് പ്രൈവറ്റ് കോളേജുകൾക്കും ശുപാർശ ചെയ്തിട്ടുണ്ട്. ഗവൺമെന്റ് കോളേജ് മൂന്നാറും പീരുമേടും ആണ്. ഈ കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല. പുതിയ കോളേജുകളും കോഴ്സുകളും കൊടുക്കുന്നതിനെക്കുറിച്ച് തീരുമാനിക്കുന്ന അവസരത്തിൽ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(6) വെള്ളൂർ റെയിൽവേ പാലത്തിനടുത്ത് ഫുട്ട് ബ്രിഡ്ജ് വേണമെന്ന ആവശ്യം

ശ്രീ. എം. കെ. കേശവൻ : മൂന്നുവർഷംമുമ്പ് വേണാട് എക്സ്പ്രസ്സ് മുട്ടി പതിനൊന്നുപേർ മരിച്ച സംഭവം വൈക്കത്ത് വെള്ളൂർ റെയിൽവേ പാലത്തിൽവച്ച് ഉണ്ടായിട്ടുണ്ട്. രണ്ടായിരത്തോളം ജീവനക്കാർക്കും ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കും ദിവസവും യാത്രചെയ്യാൻ വേറെ ഒരു മാർഗ്ഗവുമില്ല. അവിടെ ഒരു ഫുഡ് ബ്രിഡ്ജ് പണിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനങ്ങൾ പ്രക്ഷോഭണം നടത്തിയപ്പോൾ അന്നത്തെ ഗവൺമെന്റ് അതിനുവേണ്ടി സെന്റേജ് ചാർജായി 14 ആയിരം രൂപ കെട്ടിവച്ചതാണ്. അന്ന് പറഞ്ഞ മറുപടി ആലുവായിലെ ഫുട്ട്ബ്രിഡ്ജിന്റെ പണി കഴിഞ്ഞാൽ ഈ പണി തുടങ്ങാമെന്നാണ്. ഇതുവരെ അതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആ ഫുട്ട്ബ്രിഡ്ജ് പണിയാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ കൊല്ലത്തെ ബഡ്ജറ്റിൽ പത്തുലക്ഷം രൂപയേ ഉണ്ടായിരുന്നുള്ളു. എതായാലും സെന്റേത് 14 ആയിരംരൂപ കെട്ടിവയ്ക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇതിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തത് പത്തുലക്ഷം രൂപയേയുള്ളു. രണ്ടുലക്ഷംരൂപയുടെ പോരായ്മയുണ്ട്. അത് സാരമില്ല. ആനയെ വാങ്ങിക്കാമെങ്കിൽ ചങ്ങലയും വാങ്ങിക്കാമെന്ന് പറയുന്നതുപോലെ പത്തുലക്ഷം രൂപയുണ്ടെങ്കിൽ പോരായ്മയുള്ള രണ്ടുലക്ഷം രൂപയ്ക്കുംകൂടി നികത്തികൊടുത്തുകൊണ്ട് ഇതിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

(7) കൊയിലാണ്ടി താലൂക്കാശുപത്രിയിലെ സെപ്റ്റിക്ടാങ്ക്

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, കേരള സംസ്ഥാനത്തിലെ മോശമായ ആശുപത്രിയെന്ന് പേരുകേട്ട കൊയിലാണ്ടി താലൂക്കാശുപത്രി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്തിലെ ഫസ്റ്റ് ഗ്രേഡ് താലൂക്കാശുപത്രിയായി ഉയർത്തിയിരിക്കുകയാണ്. വമ്പിച്ച മാറ്റങ്ങൾ ഇവിടെ വന്നു. കഷ്ടകാലമെന്ന് പറയട്ടെ അവിടത്തെ സെപ്റ്റിക് ടാങ്ക്പൊട്ടി ഒലിക്കാൻ തുടങ്ങിയിട്ട് മൂന്നുനാല് മാസമായി. ബന്ധപ്പെട്ട ആളുകളോട് പറഞ്ഞിട്ടും യാതൊരു ഫലവുമില്ലാത്തതുകൊണ്ടാണ് സബ്മിഷൻ മുഖേന ഈ സഭയിൽ അവതരിപ്പിക്കുന്നതിന് ആഗ്രഹിക്കുന്നത്. അവിടെയുള്ള ജീവനക്കാരും രോഗികളും ഇന്ന് നാറ്റം സഹിച്ചുകൊണ്ടാണ് ജീവിക്കുന്നത്. പടച്ചതമ്പുരാനും അവർക്കും മാത്രമേ അതിന്റെ ദുഃഖാവസ്ഥ അറിയുകയുള്ളു. ഈ കാര്യത്തിൽ അടിയന്തിരനടപടി ഗവൺമെന്റു ഭാഗത്തുനിന്ന് സ്വീകരിക്കണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സൂപ്രണ്ട് അതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(8) ഏറ്റുമാനൂർ ബസ് സ്റ്റേഷന്റെ ദുഃസ്ഥിതി

ശ്രീ. ഇ. ജെ. ലൂക്കോസ് : ഏറ്റുമാനൂരിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം യാത്രയ്ക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് 1981-ൽ ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഉണ്ടായിരുന്ന അവസരത്തിൽ ട്രാൻസ്പോർട്ട് വകുപ്പിന്റെ ചാർജ്ജ് ഉണ്ടായിരുന്ന ശ്രീ. കെ. എം. മാണി അവിടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കാൻ നടപടി സ്വീകരിക്കുകയും പഞ്ചായത്തിൽനിന്ന് രണ്ടര ഏക്കർ സ്ഥലത്ത് എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി അവിടെ മെറ്റൽ ചെയ്ത കെട്ടിടം പണിതിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly